**പതിനാലാം കേരള നിയമസഭ**

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ. 3438

08.11.2019 ൽ മറുപടിക്ക്.

## മൂലമ്പിള്ളി-പിഴല പാലത്തിനായുള്ള സ്ഥലമേറ്റെടുപ്പ്

| ചോദ്യം<br>ശ്രീ. എസ്. ശർമ്മ | | മറുപടി<br>ശ്രീ. എ.സി.മൊയ്തീൻ<br>(തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി) |
|---|---|---|
| (എ) ജിഡ ഫണ്ട് വിനിയോഗിച്ച് നടപ്പാക്കുന്ന മൂലമ്പിള്ളി-പിഴല പാലത്തിന്റെയും അനുബന്ധ റോഡിന്റെയും സ്ഥലമേറ്റെടുപ്പിനായി സ്വീകരിച്ച നടപടി വിശദമാക്കാമോ; | (എ) | മൂലമ്പിള്ളി-പിഴല പാലത്തിന്റെയും അനുബന്ധ റോഡിന്റെയും നിർമ്മാണത്തിനായി കണയന്നൂർ താലൂക്കിലെ കടമക്കുടി വില്ലേജിലെ വ്യത്യസ്ത റീ-സർവ്വെ നമ്പറുകളിൽപ്പെട്ട ഭൂമികൾക്ക് ജിഡ അർത്ഥന സമർപ്പിച്ചിട്ടുള്ളതും, പൊന്നുംവില നടപടികൾ സ്വീകരിച്ചിട്ടുള്ളതും, ടി പദ്ധതിക്കുവേണ്ടി 05/08/2015-ലെ ജി.ഒ. (ആർ.ടി) നമ്പർ.4120/15/ആർ.ഡി. ഉത്തരവ് പ്രകാരം, നെഗോഷ്യബിൾ purchase പ്രകാരവും, "2013-ലെ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ ആക്ട് (കേന്ദ്ര ആക്ട് 30/2013)" പ്രകാരവും ഭൂമി ഏറ്റെടുത്തിട്ടുണ്ട്. നെഗോഷ്യബിൾ പർച്ചെയ്സ് പ്രകാരം 80% നഷ്ടപരിഹാരത്തുക എഗ്രിമെന്റ് അടിസ്ഥാനത്തിൽ സർക്കാർ ഉത്തരവ് പ്രകാരം ഭൂഉടമകൾക്ക് നല്കിയിട്ടുള്ളതാണ്. എന്നാൽ ജില്ലാതല പർച്ചെയ്സ് കമ്മിറ്റി നിശ്ചയിച്ച ഭൂമി വില സമ്മതമില്ലാതെ ചില ഭൂഉടമകൾ ബഹു. ഹൈക്കോടതിയെ സമീപിച്ചതിന്റെ അടിസ്ഥാനത്തിൽ ടി ആളുകൾക്ക് DLPC പ്രകാരം നിശ്ചയിച്ച 80% തുക നല്കുന്നതിനും, 2013-ലെ മേൽ ആക്ട് പ്രകാരം പൊന്നുംവില നടപടി സ്വീകരിച്ച് അവാർഡ് പാസ്സാക്കുവാനും, ടി അവാർഡ് തുകയിൽ 80% കുറവ് വരുത്തി ബാക്കി തുക നല്കുവാനുമാണ് കോടതി ഉത്തരവായിട്ടുള്ളത്. ആയത് പ്രകാരം നെഗോഷ്യബിൾ പർച്ചെയ്സ് പ്രകാരം ഏറ്റെടുത്ത ഭൂമിക്കും, കോടതി ഉത്തരവ് പ്രകാരം പൊന്നുംവില നടപടിയിൽ ഉൾപ്പെട്ട ഭൂമിയുടെ ഉടമകൾക്കും 80% തുക നല്കിയിട്ടുള്ളതും ബാക്കി 20% നല്കുന്നതിനുള്ള നടപടികൾ അതോറിറ്റി സ്വീകരിച്ചുവരികയുമാണ്. |
| (ബി) ആയതിനായി നോട്ടിഫിക്കേഷൻ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ പകർപ്പ് ലഭ്യമാക്കാമോ; | (ബി) | മേൽ ആക്ട് സെക്ഷൻ 11(1) പ്രകാരമുള്ള വിജ്ഞാപനം സി 4-2414/17 നമ്പറായി 5.5.18-ൽ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. തുടർന്ന് രണ്ട് ദിനപത്രങ്ങളിലും പ്രസിദ്ധീകരിച്ചിട്ടുണ്ട്. 26.06.18-ലെ 26-ാം നമ്പർ ഗസറ്റിലും വിജ്ഞാപനം ചെയ്തിട്ടുള്ളതാണ്. ഗസറ്റ് വിജ്ഞാപനം അനുബന്ധമായി ചേർക്കുന്നു. |

(സി) ഏറ്റെടുക്കുന്ന ഭൂമിയുടെ ഉടമസ്ഥർക്ക് നിശ്ചയിച്ചിരിക്കുന്ന നഷ്ടപരിഹാരത്തുക സംബന്ധിച്ച വിശദാംശം നൽകാമോ;

(സി) നെഗോഷ്യബിൾ പർച്ചെയ്സ് പ്രകാരം ഡിസ്ട്രിക്ട് ലെവൽ പർച്ചേസ് കമ്മിറ്റി നഷ്ടപരിഹാരത്തുക നിശ്ചയിട്ടുള്ളത് ചുവടെ ചേർക്കുംവിധമാണ്.

| മൂലമ്പിള്ളിഭാഗം. | |
|---|---|
| കാറ്റഗറി 1 (Dry land) | ₹ 5,50,000/cent |
| കാറ്റഗറി II (wet now dry land) | ₹ 4,50,000/cent |
| കാറ്റഗറി III (wet land) | ₹ 3,50,000/cent |
| പിഴല ഭാഗത്തുള്ള ഭൂമി (കാറ്റഗറി I ൽ ഉൾപ്പെട്ടിട്ടുള്ളതാണ്). | ₹ 2,00,000/cent |

2013-ലെ മേൽ ആക്ട് പ്രകാരം പൊന്നുംവില നടപടികളിൽപ്പെട്ട ഭൂമിക്കു ജില്ലാ കളക്ടർ അംഗീകരിച്ച അടിസ്ഥാന ഭൂമി വില (BVR) നിശ്ചയിച്ച ഡ്രാഫ്റ്റ് അവാർഡ് തയ്യാറാക്കി ജില്ലാ കളക്ടറുടെ അംഗീകാരത്തിനായി അയച്ചിട്ടുള്ളതാണ്. ടി വസ്തുക്കളുടെ വില നിശ്ചയിച്ചിട്ടുള്ളത് ചുവടെ ചേർക്കുംവിധമാണ്.

| | |
|---|---|
| കാറ്റഗറി 1 (Dry land പുരയിടം) | ₹ 3,13,772/cent |
| കാറ്റഗറി II(wet land നിലം) | ₹ 64,155/-/cent |
| കാറ്റഗറി III (wet land now dry land -നിലം നികത്തു പുരയിടം) | ₹ 2,19,641/cent |

(ഡി) ആയതിന്റെ നിർമ്മാണ പ്രവൃത്തിയുടെ പുരോഗതി വിശദമാക്കാമോ?

(ഡി) മൂലമ്പിള്ളി-പിഴല പാലത്തിന്റെ ടാറിങ്ങും, പെയിന്റിങ്ങും ഒഴിച്ചുള്ള മുഴുവൻ പണികളും പൂർത്തീകരിച്ചിട്ടുണ്ട്. മൂലമ്പിള്ളി-പിഴല കണക്ടിവിറ്റി പാലത്തിന്റെ 7 സ്പാനുകളിൽ 3 എണ്ണം പൂർത്തീകരിച്ചു.

സെക്ഷൻ ഓഫീസർ

**അനുബന്ധം**

©
കേരള സർക്കാർ
Government of Kerala
2018

Regn. No. KERBIL/2012/45073
dated 5-9-2012 with RNI

Reg. No. KL/TV(N)/634/2018-20

# കേരള ഗസറ്റ്

# KERALA GAZETTE

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്

**PUBLISHED BY AUTHORITY**

| | | | | |
|---|---|---|---|---|
| വാല്യം 7<br>Vol. VII | തിരുവനന്തപുരം,<br>ചൊവ്വ<br>Thiruvananthapuram,<br>Tuesday | 2018 ജൂൺ 26<br>26th June 2018<br>1193 മിഥുനം 12<br>12th Mithunam 1193<br>1940 ആഷാഢം 5<br>5th Ashadha 1940 | നമ്പർ<br>No. | 26 |

## PART III

# Commissionerate of Land Revenue

## ERNAKULAM DISTRICT

ഫോറം നമ്പർ 7

[ചട്ടം 18(1) കാണുക]

11-ാം വകുപ്പിലെ 1-ാം ഉപവകുപ്പുപ്രകാരം കളക്ടർ പുറപ്പെടുവിക്കേണ്ട പ്രാരംഭ വിജ്ഞാപനം

നമ്പർ സി4-2414/2017.

2018 മേയ് 5.

കേരള സർക്കാർ 4-12-2015-ലെ സർക്കാർ ഉത്തരവ് (സാധാരണ) നമ്പർ 649/2015/റ.വ വിജ്ഞാപന പ്രകാരം 2013-ലെ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശം ആക്റ്റ് (കേന്ദ്ര ആക്റ്റ്, 30/2013) പ്രകാരമുള്ള കളക്ടറുടെ ചുമതലകൾ നിർവ്വഹിക്കുവാൻ എറണാകുളം, ജി.സി.ഡി.എ പൊന്നുംവില സ്പെഷ്യൽ തഹശീൽദാരെ നിയമിച്ചിരുന്നതിനാലും,

ഈ പൊന്നുംവില നടപടിയുടെ പുനരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അഡ്മിനിസ്ട്രേറ്റർ ആയി എറണാകുളം കളക്ടറേറ്റിലെ പൊന്നുംവില ഡെപ്യൂട്ടി കളക്ടറെ കേരള സർക്കാർ നിയമിച്ചിരിക്കുന്നതിനാലും,

ഇതോടൊപ്പമുള്ള പട്ടികയിൽ വിവരിച്ചിട്ടുള്ള ഭൂമി ഒരു പൊതു ആവശ്യത്തിന്, അതായത് മൂലമ്പിള്ളി-പിഴല പാലം, അനുബന്ധ റോഡ് എന്നിവയുടെ നിർമ്മാണത്തിനായി ആവശ്യമുണ്ടെന്നോ, ആവശ്യമുണ്ടായേക്കാമെന്നോ, കേരള സർക്കാരിന് ബോദ്ധ്യപ്പെട്ടിരിക്കുന്നതിനാലും;

ഇപ്പോൾ തൻമൂലം, അതുമായി ബന്ധപ്പെട്ട എല്ലാ പേർക്കും 2013-ലെ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ ആക്റ്റ് 11-ാം വകുപ്പ് (1)-ാം ഉപവകുപ്പിലെ വ്യവസ്ഥകൾക്കനുസൃതമായി ഇക്കാര്യത്തിലുള്ള അറിയിപ്പ് ഇതിനാൽ നൽകുകയും ചെയ്യുന്നു.

പൊന്നുംവിലയ്ക്കെടുക്കാൻ തീരുമാനിച്ചിട്ടുള്ള സ്ഥലങ്ങളുമായി ഏതെങ്കിലും തരത്തിൽ ബന്ധപ്പെട്ടിട്ടുള്ള കക്ഷികൾ അവരുടെ ഭൂരേഖകൾ നാളതീകരിക്കുന്നതു സംബന്ധിച്ചും, സ്ഥലത്തിന്റെ ഉടമസ്ഥാവകാശം സംബന്ധിച്ചും ആക്ഷേപമുണ്ടെങ്കിൽ ആയത് മേൽ വിജ്ഞാപനം പ്രസിദ്ധപ്പെടുത്തിയ തീയതിയോ, ഇതു സംബന്ധിച്ച പൊതു നോട്ടീസിന്റെ തീയതിയോ ഏതാണോ അവസാനം വരുന്നത് ആ തീയതി മുതൽ 15 ദിവസത്തിനകം രേഖാമൂലമുള്ള പ്രസ്താവന പൊന്നുംവില ആഫീസറായ സ്പെഷ്യൽ തഹശീൽദാർ എൽ.എ.ജി.സി.ഡി.എ എറണാകുളം മുമ്പാകെ സമർപ്പിക്കേണ്ടതാണ്. നിശ്ചിത സമയ പരിധിക്കുള്ളിൽ ലഭിക്കാത്ത ആക്ഷേപങ്ങളും സ്ഥലത്തിലുള്ള താൽപര്യം സംശയലേശമന്യേ വിശദീകരിക്കാത്തതുമായ അപേക്ഷകൾ നിരുപാധികം നിരസിക്കപ്പെടുന്നതാണ്.

<u>പട്ടിക</u>

ജില്ല— എറണാകുളം.

താലൂക്ക്— കണയന്നൂർ.

വില്ലേജ്— കടമക്കുടി.

ബ്ലോക്ക്— 1.

(ഏകദേശ വിസ്തീർണ്ണമാണ് ചേർത്തിരിക്കുന്നത്)

| ക്രമ നമ്പർ | റീ-സർവ്വെ നമ്പർ/സബ് ഡിവിഷൻ നമ്പർ | വിവരണം | വിസ്തീർണ്ണം ഹെക്ടറിൽ/ആർ സ്ക്വയർ മീറ്റർ | പൊതു ആവശ്യത്തിന്റെ സ്വഭാവം | ബാധിക്കപ്പെട്ട കുടുംബങ്ങളെ മാറ്റി പാർപ്പിക്കുന്നതിനുള്ള കാരണം | ഉടമസ്ഥർ |
|---|---|---|---|---|---|---|
| (1) | (2) | (3) | (4) | (5) | (6) | (7) |
| 1 | 514/3 | നിലം | 0.0629 | മൂലമ്പിള്ളി-പിഴല പാലം അനുബന്ധ റോഡ് നിർമ്മാണം | പൊന്നുംവില നടപടിയിൽ ഉൾപ്പെട്ട ഭൂമിയിൽ താമസ വീടുകൾ ഇല്ലാത്തതിനാൽ ആളുകളെ മാറ്റി പാർപ്പിക്കേണ്ടതില്ലാത്തതാണ് | (1) നിപ്പോൺ റിയാൽട്ടേഴ്സ് പ്രൈവറ്റ് ലിമിറ്റഡ് ഡോർ നമ്പർ 10/314 കെ. നിപ്പോൺ ടവേഴ്സ് എൻ. എച്ച് 47 ബൈപ്പാസ് നെട്ടൂർ പി. ഒ. (2) ഹെക്സാടെക് ഡെവലപ്പേഴ്സ് പ്രൈവറ്റ് ലിമിറ്റഡ് ഡോർ നമ്പർ CCXL/242 ബയോഫാർമ, ലായം റോഡ്, എറണാകുളം |
| 2 | 515/8 | നിലം | 0.0926 | ,, | ,, | ,, |
| 3 | 516/3 | നിലം | 0.0007 | ,, | ,, | ,, |
| 4 | 516/4 | നിലം | 0.0434 | ,, | ,, | ,, |
| 5 | 516/7 | നിലം | 0.0378 | ,, | ,, | ,, |

| (1) | (2) | (3) | (4) | (5) | (6) | (7) |
|---|---|---|---|---|---|---|
| 6 | 516/10 | നിലം | 0.0763 | മൂലമ്പിള്ളി-പിഴല പാലം അനുബന്ധ റോഡ് നിർമ്മാണം | പൊന്നുംവില നടപടിയിൽ ഉൾപ്പെട്ട ഭൂമിയിൽ താമസ വീടുകൾ ഇല്ലാത്തതിനാൽ ആളുകളെ മാറ്റി പാർപ്പിക്കേണ്ട തില്ലാത്തതാണ് | (1) നിപ്പോൺ റിയാൽട്ടേഴ്സ് പ്രൈവറ്റ് ലിമിറ്റഡ് ഡോർ നമ്പർ 10/314 കെ. നിപ്പോൺ ടവേഴ്സ് എൻ.എച്ച് 47 ബൈപ്പാസ് നെട്ടൂർ പി. ഒ. (2) ഹെക്സാടെക് ഡെവലപ്പേഴ്സ് പ്രൈവറ്റ് ലിമിറ്റഡ് ഡോർ നമ്പർ CCXL/1242 ബയോഫാർമ, ലായം റോഡ്, എറണാകുളം |
| 7 | 516/11 | നിലം | 0.1325 | ,, | ,, | ,, |
| 8 | 516/12 | നിലം | 0.0653 | ,, | ,, | ,, |
| 9 | 516/14 | നിലം | 0.0229 | ,, | ,, | ,, |
| 10 | 531/1 ഭാഗം | നിലം നികത്തു പുരയിടം | 0.0104 | ,, | ,, | അലക്സ് ജോസഫ്, പനയ്ക്കൽ ഹൗസ്, മൂലമ്പിള്ളി, കൊച്ചി-27 |
| 11 | 531/1 ഭാഗം | നിലം നികത്തു പുരയിടം | 0.0250 | ,, | ,, | അനിത എലിസബത്ത്, ജാസ്മിൻ വില്ല, പാട്ടുപ്പറമ്പിൽ വീട്, കണ്ടനാട്, കോതാട് |
| 12 | 531/2 | പുരയിടം | 0.0257 | ,, | ,, | ആൻസലിൻ ജോസഫ്, പനയ്ക്കൽ ഹൗസ്, മൂലമ്പിള്ളി, കൊച്ചി-27 |
| 13 | 283/3 | നിലം | 0.0132 | ,, | ,, | (1) ബാബു ജോർജ്ജ്, കുരിശിങ്കൽ ഹൗസ്, ന്യൂ ടോക് എച്ച് റോഡ്, വൈറ്റില, കൊച്ചി-19 (2) മോഹൻ ജോർജ്ജ്, കുരിശിങ്കൽ ഹൗസ്, ന്യൂ ടോക് എച്ച് റോഡ്, ലൈയ്ൻ-5 വെറ്റില, കൊച്ചി-19 (3) ബി. ഹാഷിം, ഫ്ളാറ്റ് നമ്പർ-13 എ എക്സ്പ്രസ്സ് എസ്റ്റേറ്റ് എ.ജെ. ഹാളിനു സമീപം കലൂർ കൊച്ചി-19 |
| | ആകെ | | 0.6087 | | | |

## സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനത്തിന്റെ സംക്ഷിപ്തരൂപം

എറണാകുളം ജില്ലയിലെ കണയന്നൂർ താലൂക്കിലെ കടമക്കുടി വില്ലേജിലെ വിവിധ സർവ്വെ നമ്പരുകളിൽപ്പെട്ട 0.6087 ഹെക്ടർ ഭൂമിയാണ് മൂലമ്പിള്ളി പിഴല പാലം അനുബന്ധ റോഡ് നിർമ്മാണത്തിന് ആവശ്യമായി വരുന്നത്. ടി പദ്ധതി നിലവിൽ വരുന്നതുകൊണ്ട് ആരേയും പുനരധിവസിപ്പിക്കേണ്ടതില്ലാ എന്ന് സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ യൂണിറ്റായ രാജഗിരി കോളേജ് ഓഫ് സോഷ്യൽ സയൻസസ് തയ്യാറാക്കി സമർപ്പിച്ച സാമൂഹ്യ പ്രത്യാഘാത പഠന റിപ്പോർട്ടിൽ നിർദ്ദേശിച്ചിട്ടുള്ളതാണ്. കൂടാതെ ടി പദ്ധതി പൂർത്തീകരിച്ചാൽ ഏഴിക്കര, കടമക്കുടി പഞ്ചായത്തുകളിൽപ്പെട്ട ഒറ്റപ്പെട്ടു കിടക്കുന്ന മൂലമ്പിള്ളി, പിഴല, കടമക്കുടി ദ്വീപുകളെതമ്മിലും മറ്റു സ്ഥലങ്ങളുമായി ബന്ധപ്പെടുത്തുന്നതുകൊണ്ടും പൊതുജന താൽപ്പര്യത്തെ മുൻനിർത്തി ടി പദ്ധതി ഒഴിവാക്കാനാകാത്ത ആവശ്യമായി കണക്കാക്കി നടപ്പിലാക്കണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്. ടി നിർദ്ദേശം എറണാകുളം പൊന്നുംവില ഡെപ്യൂട്ടി കളക്ടർ ചെയർമാനായുള്ള വിദഗ്ദ്ധ സമിതി അംഗീകരിച്ചിട്ടുള്ളതുമാണ്. സാമൂഹ്യ പ്രത്യാഘാത പഠന റിപ്പോർട്ടിന്റെയും സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ റിപ്പോർട്ടിന്റെയും ആയതിന് അംഗീകാരം നൽകിയ ഉത്തരവിന്റെയും പകർപ്പുകൾ എറണാകുളം ജില്ലാ കളക്ടറുടെ ഔദ്യോഗിക വെബ് സൈറ്റ് ആയ www.ernakulam.gov.in-ൽ പ്രസിദ്ധീകരിച്ചിട്ടുള്ളതും, ആയതിന്റെ പകർപ്പുകൾ ജില്ലാ കളക്ടറേറ്റ്, സ്പെഷ്യൽ തഹശീൽദാർ (എൽ.എ) ജി.സി.ഡി.എ എറണാകുളം എന്നിവിടങ്ങളിലും ലഭ്യമായിട്ടുള്ളതാണ്.

കളക്ടറേറ്റ്,
എറണാകുളം.

(ഒപ്പ്)
ജില്ലാ കളക്ടർ.